## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 69 08.01.2014-ൽ മറുപടിയ്ക്ക്

### മരുന്നു വിപണിയിൽ അനധികൃത ഇടപെടലുകൾ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.സി. കൃഷ്ണൻ<br>ശ്രീ.ബാബു. എം. പാലിശ്ശേരി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മാഫിയാ സംഘമായി പ്രവർത്തിക്കുന്നു എന്ന് നിയമസഭാ കമ്മിറ്റി വിലയിരുത്തിയ ഓൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗിസ്റ്റ്സ് അസോസിയേഷൻ (എ.കെ.സി.ഡി.എ) മരുന്നു വിപണിയിൽ അനധികൃത ഇടപെടലുകൾ നടത്തി കൃത്രിമ ക്ഷാമവും വിലക്കയറ്റവും സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഓൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗിസ്റ്റ്സ് അസോസിയേഷൻ (എ.കെ.സി.ഡി.എ) മരുന്നു വിപണിയിൽ അനധികൃത ഇടപെടലുകൾ നടത്തി കൃത്രിമക്ഷാമവും വിലക്കയറ്റവും സൃഷ്ടിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഘടനയെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) മരുന്ന വ്യാപാര മേഖലയിൽ അനധികൃതമായി പ്രവർത്തിച്ച എ.കെ.സി.ഡി.എ എന്ന സംഘടനയുടെ ഭാരവാഹികളുടെ ഉടമസ്ഥതയിലുള്ള 4 സ്ഥാപനങ്ങളുടെ ഡ്രഗ്സ് ലൈസൻസ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് റദ്ദാക്കിയിട്ടുണ്ട്. |
| (സി) സംഘടനയുടെ മേൽ സുപ്രീം കോടതി അഞ്ചു കോടി രൂപ പിഴ ചുമത്താനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) എ.കെ.സി.ഡി.എ എന്ന സംഘടനയുടെ മേൽ ബന്ധപ്പെട്ട കോമ്പറ്റീഷൻ കമ്മീഷൻ 5 കോടി രൂപ പിഴ ചുമത്തിയതായി പത്രങ്ങളിൽ കാണുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) ഇവർ എൻ.ഒ.സി. നൽകാത്ത മരുന്നു കമ്പനികൾക്ക് ഉപരോധമേർപ്പെടുത്തിയിട്ടുണ്ടെന്ന അവരുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | (ഡി) ഇത്തരത്തിലൊരു പരസ്യ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) സംസ്ഥാനത്ത് അവശ്യമരുന്നുകൾക്ക് ക്ഷാമം നേരിടാതിരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഇ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുകയും മരുന്നുകളുടെ കൃത്രിമക്ഷാമം സംബന്ധിച്ച |

വാർത്തകളെ തുടർന്ന് സംസ്ഥാനത്തുടനീളം പരിശോധന കർശനമാക്കുകയും മരുന്നുകളുടെ കൃത്രിമക്ഷാമം ദൂരീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സോണൽ ഓഫീസ് മേധാവികൾ മരുന്ന് വ്യാപാരികളുടെ യോഗം ഇക്കാര്യത്തിൽ വിളിച്ച് ചേർക്കുകയും ചെയ്തിരുന്നു.

ബി.പി.എൽ., എ.പി.എൽ. വ്യത്യാസമില്ലാതെ ഇൻകം ടാക്സ് നൽകാത്ത എല്ലാവർക്കും 800-ൽപ്പരം ജനറിക് മരുന്നുകൾ സൗജന്യമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഇടനിലക്കാരായ മൊത്ത വ്യാപാരികളെ ഒഴിവാക്കി നിർമ്മാണ കമ്പനികളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങി കുറഞ്ഞ വിലയ്ക്ക് മാവേലി, നീതി പേയിങ് കൗണ്ടർ വഴി വിൽപ്പന നടത്തുന്നുണ്ട്. ഇതു കൂടാതെ മരുന്നുകൾ (കാൻസർ മരുന്നുകൾ, ആന്റി ബയോട്ടിക്കുകൾ ഉൾപ്പെടെ) സംസ്ഥാന സർക്കാരിന്റെ സംഭരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിതരണം ചെയ്യുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ